എം.ഡി. ഹൈസ്ക്കൂൾ, തോട്ടറ

# ഉണർവ്വ്

അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- നിലവിലെ ഭൗതീക നേട്ടങ്ങൾ
- ഭൗതീക പരമിതികൾ
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- (മേഖല-അക്കാദമികം, ഉപമേഖല-ലക്ഷ്യം പ്രവർത്തനങ്ങൾ. കാലം, ചുമതല, സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- ഉപസംഹാരം

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എം.ഡി.എച്ച്.എസ് തോളേലി |
| വിലാസം | : അയിരൂർപാടം പി.ഒ. |
| ഫോൺ | : 0485 284-3387, 8547629604 |
| സ്കൂൾ കോഡ് | : 27045 |
| വിദ്യാഭ്യാസ ജില്ല | : കോതമംഗലം |
| റവന്യൂ ജില്ല | : എറണാകുളം |
| ബി.ആർ.സി | : കോതമംഗലം |
| സി.ആർ.സി | : ഗവ.യു.പി.എസ് പാനിപ്ര |
| ഗ്രാമപഞ്ചായത്ത് | : കോട്ടപ്പടി (5-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : കോതമംഗലം |
| ഇ-മെയിൽ | : tholely27045@gmail.com |

# ഉള്ളടക്കം

ആമുഖം

വിദ്യാലയത്തിന്റെ ലഘുചരിത്രം

നിലവിലെ ഭൗതിക നേട്ടങ്ങൾ

ഭൗതിക പരിമിതികൾ

പൊതുലക്ഷ്യങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

പദ്ധതി വിശദാംശങ്ങൾ

(മേഖല - അക്കാദമികം, ഉപമേഖല - ലക്ഷ്യം പ്രവർത്തനങ്ങൾ. കാലം, ചുമതല, സാമ്പത്തിക വിശകലനം)

പ്രതീക്ഷിത നേട്ടങ്ങൾ

ഉപസംഹാരം

ആമുഖം

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ ആണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. വാഹന സൗകര്യം ഇല്ലാത്ത ഗ്രാമമാണ്. അതിനാൽ സ്കൂൾ ബസ് ഏർപ്പാടാക്കി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നു. 8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയാണ് ഈ വിദ്യാലയത്തിലുള്ളത്. എ.ഇ.സി.എം യു.പി. സ്കൂൾ ഉപ്പുകണ്ടം ഗവ യു.പി. എസ് പാനിപ്ര, അത്താണിക്കൽ യു.പി.എസ് പിണ്ടിമന എന്നി സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ ഈ സ്കൂളിൽ 8-ാം ക്ലാസ്സിൽ ചേർന്ന് പഠിക്കുന്നു.

വിദ്യാലയത്തിന്റെ ചരിത്രം

ഈ വിദ്യാലയം 1976 ജൂണിൽ പ്രവർത്തനം ആരംഭിച്ചു. ഈ ഗ്രാമപ്രദേശത്ത് വാഹന സൗകര്യമോ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമോ ഇല്ലാതിരുന്നതിനാൽ തോളേലി സീനായ് ഗിരി സെന്റ് മേരിസ് പള്ളിയുടേയും അന്നത്തെ ഇടവക മെത്രാപ്പോലീത്ത ആയിരുന്നു അഭിവന്ദ്യ തോമസ് മാർ ദിവാന്നാസിയോസ് തിരുമേനിയുടെയും ശ്രമഫല

മായി ഈ പ്രദേശത്തിന് സ്കൂൾ ലഭി
ച്ചു. ശ്രീ. വി ഒ. പനലോസ് ചാക്കോ ചാ
ണ്ടി തുടങ്ങി വളരെ പേർ സ്കൂളിന്
വേണ്ടി പ്രവർത്തിച്ചു. ഇവിടത്തെ പൂ
ർവ്വ വിദ്യാർത്ഥികളിൽ പലരും, കോള
ജ് അധ്യാപകർ, എഞ്ചിനിയർമാർ,
ഡോക്ടർമാർ, അദ്ധ്യാപകർ തുടങ്ങിയ
പല മേഖലകളിൽ സ്വദേശത്തും
വിദേശത്തുമായി ജോലി ചെയ്യുന്നു.
നല്ല വിജയ ശതമാനം പുലർത്തു
ന്നതിൽ ഈ സ്കൂൾ എന്നും മുൻ
പന്തിയിലായിരുന്നു. ഈ സ്കൂൾ 8,9,
10 ക്ലാസ്സുകളിലായി അഞ്ച് ഡിവിഷ
നിലുള്ള കുട്ടികളാണ് ഉള്ളത്. ശക്ത
മായ ഒരു പി.ടി.എ പ്രവർത്തിക്കു
ന്നു. ഈ സ്കൂളിൽ മൊത്തം 130 വിദ്യ
ർത്ഥികളാണുള്ളത്. 9 അദ്ധ്യാപകരും
നാല് അനദ്ധ്യാപകരും പ്രവർത്തിച്ച്
വരുന്നു. എസ് എസ് എൽ സി യിൽ 2015
ൽ 100% വിജയം നേടാൻ സാധിച്ചു.
മറ്റു വർഷങ്ങളിൽ 90% മുകളിൽ വി
ജയം നേടുകയും ചെയ്തിട്ടുണ്ട്.
സയൻസ്, മാത്തമാറ്റിക്സ് തുടങ്ങിയ
മേളകളിൽ എല്ലാവർഷവും കുട്ടികൾ
പങ്കെടുക്കുകയും ഗ്രേഡുകൾ കര
സ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. യൂത്ത്
ഫെസ്റ്റിവൽ സബ് ജില്ലാ തലത്തിലും

റവന്യൂ തലത്തിലും കുട്ടികൾ മത്സരിക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ JRC യൂണിറ്റ്, little kite യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു

## നിലവിലെ ഭൗതിക നേട്ടങ്ങൾ

ഇപ്പോൾ അഞ്ച് ഡിവിഷനുകളാണ് നിലവിലുള്ളത്. ഇതിൽ നാല് ക്ലാസ്സ് റൂമിൽ ടൈലുകൾ ക്രമീകരിച്ചിട്ടുണ്ട്.

## ഭൗതിക പരിമിതികൾ

ലാബ്, ലൈബ്രറി, എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. അടുക്കള നവീകരിക്കേണ്ടതുണ്ട്. ഭോജനശാല നവീകരിക്കേണ്ടതുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പു വരുത്തും.

2. ഓരോ ക്ലാസ് പൂർത്തിയാക്കുന്ന മുറയ്ക്ക് അതത് ക്ലാസിൽ നേടേണ്ട ഗുണനിലവാരം കൈവരിച്ചു എന്നുറപ്പാക്കും.

3. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

കുട്ടികളിൽ കൃഷിയോട് താൽപര്യം വർധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകും

നിരന്തര വിലയിരുത്തലിലൂടെ കുട്ടികളിൽ പഠനാഭിരുചി വളർത്തും

ബോധവൽക്കരണ ക്ലാസുകളിലൂടെ കുട്ടികൾക്ക് പുകവലി, മദ്യം മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ജാഗ്രത വളർത്തും

# അക്കാദമിക പ്രവർത്തനങ്ങൾ

1. വന്നു ചേരുന്ന എല്ലാകുട്ടികൾക്കും പഠനശേഷി കൈവരിപ്പിക്കുന്നതിന് സ്പെഷ്യൽ കോച്ചിംഗ് നടത്തി വരുന്നു

2. 8-ാം ക്ലാസ്സിലെ എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. 10-ാം ക്ലാസിലെ കുട്ടികൾക്ക് പഠന പുരോഗതിക്കായി Morning, Evening ക്ലാസുകൾ നടത്തി വരുന്നു. Saturday-ൽ സ്പെഷ്യൽ ക്ലാസുകൾ നടത്തിവരുന്നു.

5. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് Mid term, Terminal Exam സീരീസ് Exam ഇവ നടത്തി വരുന്നു.

6. കഴിവ് കൂടുതലുള്ള കുട്ടികൾക്ക് Extra work കൊടുത്തു വരുന്നു.

7. എല്ലാ കുട്ടികളിലും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.

8. കുട്ടികളുടെ കായികപരമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

9. ജൈവവൈവിധ്യ പാർക്ക് സ്ഥാപിച്ച് കുട്ടികളിൽ പ്രകൃതിയെക്കുറിച്ചറിയുന്നതിന് പ്രാപ്തരാക്കും.

10. ഓരോ ക്ലാസിലും കയ്യെഴുത്ത് മാസിക ([illegible]) തയ്യാറാക്കി കുട്ടികൾ അവരുടെ രചനകൾ, ചിത്രങ്ങൾ, കാർട്ടൂണുകൾ, സാഹിത്യം, കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി അവരിൽ സാഹിത്യ അഭിരുചികൾ വളർത്തും.

വികസനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
ഒന്നാംഘട്ടത്തിൽ

അക്കാദമികം
ഭാഷാശേഷി വികസനം

- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- വായന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ജൈവവൈവിധ്യ പാർക്ക്
- കലാ കായിക മേള
- ഐ ടി പരിശീലനം
- സ്കൂൾ പത്രം/ മാസിക
- പച്ചക്കറിത്തോട്ടം
- ടേം മൂല്യനിർണ്ണയം നിരന്തര വിലയിരുത്തൽ
- ദിനാചരണം

ഭൗതികം

- ചുറ്റുമതിൽ
- ക്ലാസ് മുറികൾ
- ലൈബ്രറി
- അടുക്കള
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ

സാമൂഹികം

- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
- ഭവന സന്ദർശനം.

## ക്ലാസ് പി ടി എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ. ക്ലാസ്. പി.ടി.എ.യിൽ ചർച്ച ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് പി ടി എ | |

പേര് : ചിത്രരചനക്കളരി

ഉപമേഖല ലക്ഷ്യം : അക്കാദമികം/കലാ വിദ്യാഭ്യാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചന പരിശീലനം | മധ്യവേനൽ അവധിക്കാലം 5 ദിവസം | ക്ലാസ് പി ടി എ | 10,000 |

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിലെ ഒരു പ്രദേശമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലാസ് പി ടി എ, അധ്യാപകർ | 5000/- കൃഷിവകുപ്പ് |

## മേഖല അക്കാദമികം

ഉപമേഖല - മലയാളം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ (മലയാളത്തിളക്കം) | Pre - Test അക്ഷരമുറപ്പിക്കാൻ അക്ഷര കാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രം - അടിക്കുറിപ്പ്, ചിത്രം - കഥ ചാർട്ട്, കഥ വായിച്ച് എഴുതാൻ, കഥാപൂർത്തീകരണം നൽകൽ, ടി.വി.യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതാൻ | 2 മാസം ദിവസവും | മലയാളം ടീച്ചർ | 2000/- |
| 2 | കുട്ടികളെ മികച്ച വായനക്കാരാക്കുക. | ക്ലാസ് - വായനമൂലകളും ഒരുക്കൽ, വായനാമൂല ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ, ഗ്രാമീണ ഗ്രന്ഥശാല അംഗത്വം - വായനോത്സവം, പത്രവായന, അമ്മവായന, പുസ്തകചർച്ച, വായനാനുഭവം - പങ്കുവയ്ക്കൽ, വായനക്കുറിപ്പ് ചർച്ച - വിദ്യാരംഗം കലാസാഹിത്യ വേദി - ക്ലാസ്സ്തലം, സ്കൂൾ തല ദിനാചരണങ്ങൾ ആകാശവാണി ക്ലബ്ബ് | ആവശ്യാനുസരണം | മലയാളം ടീച്ചർ വിദ്യാരംഗം കലാസാഹിത്യവേദി. | 5000/- |
| 3 | സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ ശില്പശാലകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന്. | വിദ്യാരംഗം കലാസാഹിത്യവേദി. | 5000/- |
| 4. | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. | കഥയരങ്ങ്/കവിയരങ്ങ്/ രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, കുട്ടികളുടെ ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. | രണ്ടു മാസത്തിൽ ഒന്ന് | വിദ്യാരംഗം കലാസാഹിത്യവേദി | 5000/- |

| | | | | | |
|---|---|---|---|---|---|
| 5 | അവതരണാവിഷ്കാരവേദികൾ | വിദ്യാലയത്തിൽ ക്രമീകരിക്കുന്ന റേഡിയോ സ്റ്റേഷനിൽ നിന്നും മലയാളം ഇംഗ്ലീഷിലേക്കും ക്രമീകരിച്ചിരിക്കുന്ന സ്ക്രിപ്റ്റുകളിലേക്ക് ആഴ്ചയിലൊരിക്കൽ റേഡിയോ പ്രക്ഷേപണം, ആഭ്യന്തരഅറിയിപ്പ് നൽകൽ | | | |

<u>മേഖല അക്കാദമികം</u>

ഉപമേഖല - ഇംഗ്ലീഷ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | മുഴുവൻകുട്ടികൾക്കുംഇംഗ്ലീഷ്ഭാഷ കേൾക്കാനും എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ളശേഷി വികസിപ്പിക്കുക | അക്ഷര ക്ലാസ്സുകൾ ആഴ്ചയിൽ ഒരു ദിവസം English day Assembly ചാർട്ടിൽ അക്ഷരമാല പ്രദർശനം, ഇംഗ്ലീഷ് സിനിമ, വാർത്ത, ഇംഗ്ലീഷ് പത്രം തുടങ്ങിയവയിലൂടെ അവതരണം | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | 1000/- |
| 2. | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ളശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഇവ ചുരുക്കി ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസങ്ങൾ | ഇംഗ്ലീഷ് അധ്യാപിക | - |
| 3 | ഇംഗ്ലീഷിൽ സംഭാഷണ രചനകൾ നടത്തുന്നതിനുള്ള ശേഷി നേടിയെടുക്കൽ | ഓരോ മാസവും കഥകളിലും വിഷയത്തെ അടിസ്ഥാനപ്പെടുത്തി രചനകൾ നടത്തുക | പ്രതിമാസം | ക്ലാസ്സ് തല ഇംഗ്ലീഷ് അധ്യാപിക | 1000/- |
| 4. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികൾ ഇംഗ്ലീഷ് പ്രദർശിപ്പിക്കണങ്ങൾ, ചുമർപത്രം ശേഖരണങ്ങൾ, ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | - |
| 5. | വ്യാകരണത്തിലും. സാഹിത്യ | ഉചിതമായ ലൈബ്രറി സാഹിത്യരചനകൾ ശേഖരം ചേർന്നു | വർഷത്തിൽ 2 ചുറ്റുകൾ | ഇംഗ്ലീഷ് ടീച്ചർ | 10,000/- |

| | | | | | |
|---|---|---|---|---|---|
| | അഭിരുചി ഉണ്ടാവു ന്നിടങ്ങൾ | പോഷകാഹാരങ്ങളുണ്ടാക്കിയവ ക്ക് വിവർത്തനം ചെയ്യൽ | | | |
| 6 | വ്യത്യസ്ത ഭാഷാശേഷി ഇംഗ്ലീഷ് ഭാഷയുടെ ആസ്വാദ്യതയിലൂടെ വികസിപ്പിക്കുന്നതി ലേക്കായി | മദ്ധ്യവേനൽ അവധി ക്കാലത്ത് ഒരാഴ്ചത്തെ ഇംഗ്ലീഷ് ഫെസ്റ്റ് | 5 ദിവസം | പിടി എ പ്രസി ഡന്റ് ഉൾ പ്പെടെ. | 5000/- |

മേഖല അക്കാദമികം

ഉപമേഖല ഗണിതം

| ക്ര | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|---|
| 1. | ഗണിത പഠന പ്രവർത്ത നങ്ങൾ സുഗമ മാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആദ്യ മാസം | ഗണിത ക്ലബ്ബ് | - |
| 2 | ഗണിതം മധുരമാ ക്കൽ | ജ്യാമിതീയ രൂപങ്ങൾ ക്ക് പ്രാധാന്യം നൽ കി വിദ്യാലയ മുറ്റത്ത് ചാർട്ട് സജ്ജമാ ക്കൽ | ഒരു പ്രാവിശ്യം | ഗണിത ക്ലബ്ബ് | 1000-/- P.T.A |
| 3 | ഗണിത ക്ലബ്ബ് | ഗണിതത്തിൽ അഭി രുചിയുള്ള കുട്ടികളെ കണ്ടെത്തി ചുമർപത്ര വായന-കുറിപ്പ് തയ്യാ റാക്കൽ, ഗണിതശാ സ്ത്ര മാസിക തയ്യാറാ ക്കൽ | മാസ ത്തിൽ ഒന്ന് | ഗണി തഅ ധ്യാ പിക | - |
| 4. | ഗണിത ഫെസ്റ്റ് | ക്വിസ്, സെമിനാർ, ചിത്രം ചാർട്ട്, ജ്യോമട്രി പാറ്റേൺ | വർഷ ത്തിൽ ഒന്ന് | ഗണി ത അ ധ്യാ പിക മാർ. ആർ. ജി | 1000/- |

## മേഖല അക്കാദമികം

## ഉപമേഖല - ശാസ്ത്രം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്ര പാഠഭാഗങ്ങൾ കുട്ടികളിലേയ്ക്ക് പകർത്തുന്നതിന് പരീക്ഷണങ്ങൾ | ടേം വൈസ് ആയി പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ കണ്ടെത്തി - ആവശ്യമായ സാമഗ്രികൾ. | ഓരോ ടേമിലും | സയൻസ് ടീച്ചർ | - |
| 2 | ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിന് പഠന യാത്രകൾ | പ്രതി വർഷം രണ്ട് യാത്രകൾ. | സയൻസ് ക്ലബ്ബ് | 10000/- |
| 3 | ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിനെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി, എന്നിങ്ങനെ തരംതിരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |

| | | | | | |
|---|---|---|---|---|---|
| 4 | പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്. ആർ. ജി. | 5000/- Sponsorship |
| 5 | ശാസ്ത്രം പ്രവർത്തനമാണ്. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം. | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | 1000/- |
| 6 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര തത്വങ്ങൾ- മനസ്സിലാക്കുന്നതിന് സഹായകമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിച്ച്, പ്രവർത്തന ക്രമം ചിത്രം സഹിതം പ്രത്യേകം ബുക്കിൽ വരച്ച് രേഖപ്പെടുത്തുക. | മാസത്തിൽ ഒന്നു വീതം | സയൻസ് അധ്യാപിക | - |

# മേഖല അക്കാദമികം

## ഉപമേഖല - സാമൂഹ്യശാസ്ത്രം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ കാര്യക്ഷമമാക്കുക. | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ മൂന്ന് | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 2000/- P.T.A |
| 2 | ഫീൽഡ് ട്രിപ്പ് പ്രത്യാനുഭവ പഠനം | ചരിത്ര സ്മാരകങ്ങൾ ചരിത്ര പ്രധാന സ്ഥലങ്ങൾ പഠന യാത്രകൾ. | ടേമിൽ ഒന്ന് വീതം | എസ്. ആർ. ജി. | 10000/- Sponsorship. |
| 3 | ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം- നിഗമന രൂപീകരണത്തിന് | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി ഡിബേറ്റ്, പ്രസംഗം, സെമിനാർ. | മാസത്തിൽ ഒന്ന് വീതം | എസ്. ആർ. ജി. | 5000/- |
| 4 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, ബാലറ്റ് പേപ്പർ ഇവ ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് രൂപീകരണം, മോക് പാർലമെന്റ് സംഘടിപ്പിക്കൽ | ഓരോ ടേമുകളിൽ ജൂലൈ, ആഗസ്റ്റ്, നവംബർ ഡിസംബർ. | എസ്. ആർ. ജി. സ്കൂൾ പാർലമെന്റ് | |

| | | | | | |
|---|---|---|---|---|---|
| 5 | സാമൂഹ്യ ശാസ്ത്രം കൂടുതൽ അറിവ് നേടുന്നതിന് | അധിക വായന യ്ക്ക് പുസ്തക ങ്ങൾ, അറ്റ്ലസ്, ഇയർബുക്ക്, എസ്. എസ്. കോർണർ ഒരുക്കുക. | വർഷ ത്തിൽ ഒരു പ്രാവശ്യ | സോഷ്യൽ സയൻസ് ക്ലബ്ബ് | 5000/- Sponsor ship. |
| 6 | സാമൂഹിക ശാസ്ത്ര അറിവുകൾ അപ്ഡേറ്റ് ചെയ്യൽ | എല്ലാ കുട്ടികൾ ക്കും വായിക്കു വാൻ ബുള്ള റ്റിൻ ബോർഡ് സ്ഥാപിച്ച് പ്രധാന വാർത്ത കൾ പ്രദർശി- പ്പിക്കുക. | എല്ലാ പ്രവൃത്തി ദിവസ ങ്ങളി ലും. | സോഷ്യൽ സയൻസ് ക്ലബ്ബ് | 1000/- P.T.A |
| 7 | ചരിത്ര ബോധം വളർത്തി യെടുക്കൽ | 12 വലിയ ചാർട്ട് പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴു വൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാ- റാക്കി ചരിത്രവു മായി ബന്ധപ്പെട്ട വരുന്ന നിശ്ചിത വാർത്തകൾ തയ്യാ റാക്കി നിശ്ചിത തീയതിക്കുതാഴെ ഒരു വർഷത്തിൽ ചരിത്ര കലണ്ടർ രൂപപ്പെടുത്തും | പ്രതി ദിനം | എസ്. ആർ. ജി. | |

## മേഖല അക്കാദമികം

## ഉപമേഖല - ഹിന്ദി

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഹിന്ദി പഠനം കാര്യക്ഷമമാക്കാൻ | ഹിന്ദിയിൽ വിവിധ പതിപ്പ് തയ്യാറാക്കൽ ഹിന്ദി ബ്ലോഗുകളിൽ പ്രസിദ്ധീകരണം. | മാസത്തിൽ ഒന്ന് | ഹിന്ദി ക്ലബ്ബ് | 1000/- |
| 2 | ഭാഷാശേഷി വികസനത്തിന് | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടുന്നുള്ള അവസരം ഹിന്ദി സിനിമ, ഡോക്യുമെന്ററി, ഹിന്ദി കവിത, ഓഡിയോ കേൾക്കാനുള്ള അവസരം. | ഒഴിവു സമയങ്ങളിൽ | ഹിന്ദി ക്ലബ്ബ് | - |
| 3. | ഹിന്ദി-ഭാഷാവികസനം - വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക | സ്കൂൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദിയ്ക്ക് സമയം നൽകി വാർത്താവതരണം, ക്വിസ് പ്രോഗ്രാം, കവിതാപാരായണം. | ഒഴിവ് സമയങ്ങളിൽ | ഹിന്ദി ക്ലബ്ബ് | 1500/- |

മേഖല - H.S ഗണിതശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ★ കുട്ടികളിൽ സംഘബോധം ഉണ്ടാക്കിയെടുക്കുക | കുട്ടികളുടെ സംഘബോധം ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്കൂളിൽ ഒരു ഗണിത ക്ലബ്ബിന്റെ രൂപീകരണം നടത്തുന്നു. | June | Maths Teacher | — |
| ★ ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുക. | July മാസത്തിൽ എല്ലാ Class ലും ഓരോ ഗണിതശാസ്ത്രജ്ഞന്മാരെ കുറിച്ച് എഴുതിയ chart പ്രദർശിപ്പിക്കുന്നു. ഓരോ ആഴ്ചയിലും അത് മാറ്റിയിടുകയും, എല്ലാ ക്ലാസിലും 5 chart ഉം പ്രദർശിപ്പിക്കുന്നു. | July | Maths teacher ഗണിത club അംഗങ്ങൾ | — |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗണിത ശാസ്ത്രത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ. | നിത്യ ജീവിതത്തിൽ ഗണിത ശാസ്ത്രത്തിന്റെ പ്രാധാന്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് കുട്ടികളെ കൊണ്ട് കുറിപ്പുകൾ തയ്യാറാക്കുന്നു. ഇത് school assemblyൽ വായിപ്പിച്ച് കുട്ടികൾക്ക് മനസിലാക്കി കൊടുക്കുന്നു. | August September | Maths Teacher, ഗണിത club members | |
| * ഗണിത മത്സര വേദിയിലേക്ക്. മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ. | സ്കൂളിൽ നടത്തുന്ന ശാസ്ത്ര മേളകളിൽ നിന്നും തെരഞ്ഞെടുക്കുന്ന കുട്ടികളെ മേളയ്ക്കു വേണ്ടി തയ്യാറെടുപ്പിക്കുന്നു. | October | Maths teacher. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തുന്നു. | സ്കൂളിൽ ഉള്ള ഗണിത രൂപങ്ങൾ എല്ലാം കുട്ടികളെ കാണിച്ചു കൊടുക്കുന്നു. അതു പോലെ വിവിധ അളവുകൾ അളക്കാനുള്ള ഉപകരണങ്ങളും സ്കൂളിൽ പ്രദർശിപ്പിക്കുന്നു. | November ആഴ്ചയിൽ ഒരു period വീതം. | Maths Teacher | — |
| * ഗണിതമേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക. | Puzzles എന്നിവയും കുസൃതി ചോദ്യങ്ങളിലൂടെയും കുട്ടികളിൽ ഗണിതത്തോടുള്ള താത്പര്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു | December January ആഴ്ചയിൽ രണ്ട് ചോദ്യങ്ങൾ | ഗണിത club members, Maths teacher | |
| * ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുക. | പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികൾ school സമയത്തിനുശേഷം പ്രത്യേകം പഠിപ്പിക്കുന്നു | ഒരു വർഷത്തെ പ്രവർത്തനമായി നടത്തുന്നു | Maths Teacher | |

## മേഖല അക്കാദമികം

## ഉപമേഖല - കായിക വിദ്യാഭ്യാസം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | കായിക അധ്യാപിക P.T.A | 10000/- സ്പോൺസർഷിപ്പ്. |
| 2 | ആരോഗ്യ സംരക്ഷണത്തിനും വ്യക്തിഗത ശുചിത്വം വളർത്തൽ | വിവിധ തരം കളികളിലൂടെ ആരോഗ്യ സംരക്ഷണം, യോഗ, എയ്റോബിക്സ് എന്നിവ അഭ്യസിപ്പിക്കുക. | ആഴ്ചയിൽ എല്ലാ ദിവസവും. | കായിക അധ്യാപിക | - |
| 3 | സുരക്ഷിതവും അപകടരഹിതവുമായ ജീവിതം ഉറപ്പുവരുത്തുക | യോഗ ക്ലബ്ബ് രൂപീകരിക്കുന്നു. ആരോഗ്യരേഖ തയ്യാറാക്കൽ ആകർഷകമായ അത്‌ലറ്റിക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | കായിക അധ്യാപിക | 10000/- സ്പോൺസർഷിപ്പ് |

പേര് - ചുറ്റുമതിൽ

മേഖല - ഭൗതികം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | എൽ. എസ്. ജി. ഡി. | 10 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പേര് - കവാടം, പടിപ്പുര

മേഖല - ഭൗതികം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 1 | സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | ആകർഷകമായ വിധത്തിൽ സ്കൂളിന്റെ കവാടം സജ്ജമാക്കൽ. | ഒരു വർഷം | പി.ടി.എ എൽ. എസ്. ജി. ഡി | 3 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

പേര്

മേഖല

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശുചിത്വം, ആരോഗ്യം | ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ എൽ. എസ്. ജി. ഡി | 5 ലക്ഷം (എം. പി ഫണ്ട്) |

പേര് - ഓപ്പൺ എയർ ഓഡിറ്റോറിയം

മേഖല - ഭൗതികം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സൗകര്യപ്രദമായി അസംബ്ലിക്ക് ഒത്തുചേരുന്നതിന് | ആകർഷകമായി അസംബ്ലി നടപ്പിലാക്കുന്നത്. | രണ്ടു വർഷം | പി.ടി.എ. മാനേജ്മെന്റ് | 10 ലക്ഷം (എം.എൽ.എ ഫണ്ട്) |

മേഖല അക്കാദമികം

ഉപമേഖല - ജൈവ വൈവിധ്യപാർക്ക്

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/- |
| 2. | ജൈവവൈവിധ്യ ഉദ്യാന നിർമ്മിക്കൽ ഒന്നാംഘട്ടം. | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക, സസ്യ വൈവിധ്യം പരിഗണിച്ച് പ്രാദേശികമായി ലഭ്യമാകുന്ന സസ്യങ്ങൾ നടൽ, ഔഷധത്തോട്ട നിർമ്മാണം, കൃഷിത്തോട്ടം | നവംബർ | എസ്.ആർ.ജി | 5000/- |
| 3. | ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം രണ്ടാംഘട്ടം | ആവാസ വ്യവസ്ഥകൾ ഒരുക്കൽ (ചെറുകുളം) ജൈവവേലികൾ | ജനുവരി മാർച്ച് | എസ്.ആർ.ജി | 20,000/- |

പേര് - ക്ലാസ്സ് പി ടി എ സജീവമാക്കൽ
മേഖല - അക്കാദമികം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ-പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവയുണ്ടാകണം. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

പേര് - പോഷകാഹാര പരിപാടി
മേഖല - അക്കാദമികം

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ആരോഗ്യമുള്ള ശരീരം പഠനത്തിന് | ആഴ്ച്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസത്തിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം, പിടിഎ | ₹5000/-, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ |

## ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗാത്മകവുമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക | ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു വിപുലീകരിക്കുന്നു. പ്രസംഗം, രചന, സംഗീതം, ചിത്ര രചന, അഭിനയം, ക്രാഫ്റ്റ് വർക്ക് തുടങ്ങിയവയിലൂടെ കുട്ടികളുടെ അഭിരുചി കണ്ടെത്തി അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പ് ടൈംടേബിൾ രൂപപ്പെടുത്തുന്നു. മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റിലൂടെ കുട്ടികളുടെ അഭിരുചി കണ്ടെത്താം. | 4 മണിക്കു ശേഷമോ, ഒഴിവു ദിനങ്ങളിലോ | ഇംഗ്ലീഷ് ടീച്ചർ, മറ്റ് അധ്യാപകർ | 6000/- |

പേര് - സ്കൂൾ കലണ്ടർ

മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹമായി പങ്കുവയ്ക്കാൻ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകാൻ | വർഷത്തിൽ ഒരു പ്രാവശ്യം | SRG PTS | 10000/- പരസ്യം |

പേര് - വായനക്കൂട്ടം

മേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സ്ഥലം | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതല്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറിയിൽ | - |

പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയും
- പഠന നിലവാരം ഉയർത്താൻ സാധിക്കുന്നു.

# ഉപസംഹാരം

ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അസൂത്രണ രേഖയായ അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമാണ്. ഇതിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി വിദ്യാലയ വികസനത്തിന് നമുക്ക് ചുറ്റുമുള്ള അഭ്യുദയകാംക്ഷികളെ കണ്ടെത്തേണ്ടതുണ്ട്. എല്ലാവരുടെയും സഹകരണത്തോടെ നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ സംപുഷ്ടമാക്കുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.